# ശബരിമല വാർത്താക്കുറിപ്പ്
## 17.12.2024
**മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം**

## ബ്രോഡ്ബാന്റ് കണക്ഷൻ ലഭ്യമാക്കാൻ നിലയ്ക്കൽ മുതൽ പമ്പ വരെ ഡക്ട് കേബിൾ സ്ഥാപിക്കും

തിരുവിതാംകൂർ ദേവസ്വം ബോർഡ് രൂപീകരിച്ചതിന്റെ പ്ലാറ്റിനം ജൂബിലി വർഷത്തോടനുബന്ധിച്ച് അടുത്തവർഷം സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ നടപ്പാക്കുമെന്ന് ബോർഡ് പ്രസിഡന്റ് പി എസ് പ്രശാന്ത് വ്യക്തമാക്കി.

നിലവിൽ ഇന്റർനെറ്റ് കവറേജ് വേണ്ടത്ര ലഭ്യമല്ലാത്തതാണ് ശബരിമലയിലെ പ്രശ്നം. ബ്രോഡ്ബാന്റ് കണക്ഷൻ ലഭ്യമാക്കാൻ ബോർഡ് നിലയ്ക്കൽ മുതൽ പമ്പ വരെ ഡക്ട് ഫൈബർ ഒപ്റ്റിക് കേബിൾ സ്ഥാപിക്കും. ഡക്ട് യാഥാർഥ്യമായാൽ ശബരിമലയിൽ ഇന്റർനെറ്റ് ബ്രോഡ്ബാന്റ് പൂർണ്ണ തോതിൽ ലഭ്യമാക്കാമെന്ന് ബി എസ് എൻ എൽ ഉൾപ്പെടെ ഇൻറർനെറ്റ് സേവനദാതാക്കളായ കമ്പനികൾ അറിയിച്ചിട്ടുണ്ട്.

നിലവിൽ മണ്ഡലമകര വിളക്ക് മഹോത്സവ സമയത്താണ് ശബരിമലയിൽ ഇന്റർനെറ്റ് ലഭ്യമാകുന്നത്.
ബ്രോഡ്ബാൻഡ് വന്നാൽ 365 ദിവസവും ഇൻറർനെറ്റ് ലഭ്യമാകും-- പ്രസിഡണ്ട് വ്യക്തമാക്കി.

**സമ്പൂർണ ഡിജിറ്റലൈസേഷൻ**

ബോർഡ് പ്രവർത്തനം സമ്പൂർണമായി ഡിജിറ്റിലൈസ് ചെയ്യാനുള്ള പ്രവർത്തനങ്ങൾ അടുത്ത വർഷം തുടങ്ങും. ഇതിനായി
കേരള പോലീസിന്റെ സൈബർ ഉപദേശകനായ ഡോ. വിനോദ് ഭട്ടതിരിയെ ചീഫ് അഡ്വൈസർ ആയി നിയമിച്ചിട്ടുണ്ട്.

ആദ്യ ഘട്ടത്തിൽ റവന്യൂ, ചെലവ് വിഭാഗമാണ് ഡിജിറ്റിലൈസ് ചെയ്യുക. തുടർന്ന് ഇ-ഗവേണൻസ് നടപ്പാക്കും. പ്രൈസ് സോഫ്റ്റ്വെയർ, ഇ-ടെൻഡർ, ഇ-ബില്ലിംഗ് മുതലായവയും നടപ്പാക്കും. ഇതോടെ ബോർഡ് ഭരണത്തിൽ വേഗത വർദ്ധിക്കുകയും കൂടുതൽ സുതാര്യത കൈവരികയും വരുമാന ചോർച്ച ഇല്ലാതാവുകയും ചെയ്യും. ഇത് ബോർഡിനെ വരുമാന വർധനയിലേക്ക് നയിക്കും.
ഡിജിറ്റലൈസേഷന്റെ ഭാഗമായി

നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററുമായി (എൻഐസി) സഹകരിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് ടെമ്പിൾ സോഫ്റ്റ്‌വെയർ തയാറാക്കുന്നതായും പ്രസിഡന്റ് അറിയിച്ചു.

"ബോർഡിന് കീഴിലെ 1252 ക്ഷേത്രങ്ങളിൽ ടെമ്പിൾ സോഫ്റ്റ്‌വെയർ നിലവിൽവരും.  ഇതിനുള്ള ധാരണാപത്രം എൻഐസിയുമായി ഡിസംബർ 20ന് ഒപ്പിടും,"പ്രസിഡണ്ട് കൂട്ടിച്ചേർത്തു. അടുത്തവർഷം മുതൽ ശബരിമല തീർത്ഥാടനത്തിലും ഇത് പ്രതിഫലിക്കും.തമിഴ്നാട്ടിലെ 45,000 ത്തോളം ക്ഷേത്രങ്ങളുടെ ടെമ്പിൾ സോഫ്റ്റ്‌വെയർ തയാറാക്കിയത് എൻഐസി ആണ്.

## എൻഡിആർഎഫ് സേവനം ഇതുവരെ ലഭിച്ചത് 160 തീർഥാടകർക്ക്

മണ്ഡലകാലം തുടങ്ങിയ നവംബർ 15 മുതൽ ശബരിമലയിൽ ക്യാമ്പ് ചെയ്യുന്ന 41-അംഗ നാഷണൽ ഡിസാസ്റ്റർ റസ്പോൺസ് ഫോഴ്സിന്റെ (എൻഡിആർഎഫ്) സേവനം ഇതുവരെ ലഭിച്ചത് 160 തീർത്ഥാടകർക്ക്.

ചെന്നൈ ആരക്കോണത്തുള്ള എൻഡിആർഎഫ് നാലാം ബറ്റാലിയനിലെ 4 ഓഫീസർമാരും 37 അംഗങ്ങളുമാണ് സന്നിധാനത്തും നടപ്പന്തലിലും പമ്പയിലും നീലിമല ടോപ്പിലുമായി സേവനം അനുഷ്ഠിക്കുന്നത്.

അപകടം സംഭവിക്കുകയും അസുഖം ബാധിക്കുകയും മറ്റും ചെയ്യുന്ന തീർത്ഥാടകരെ ഉടൻ സ്ട്രെച്ചറിൽ ആശുപത്രിയിൽ എത്തിക്കുന്നതിന് മുമ്പായി പ്രാഥമിക വൈദ്യശുശ്രൂഷയും കൃത്രിമ ശ്വാസോച്ഛ്വാസവും നൽകി ജീവൻ രക്ഷപ്പെടും എന്ന് സംഘം ഉറപ്പാക്കുന്നു.

ഡെപ്യൂട്ടി കമാൻഡന്റ് കെ കപിൽ,  ഇൻസ്പെക്ടർ ജി ഗോപിനാഥ്, സബ് ഇൻസ്പെക്ടർ അരുൺ നെഹ്റ, എഎസ്ഐ എസ് അനീഷ് എന്നിവരാണ് സംഘത്തിലെ ഓഫീസർമാർ.  വെള്ളയും ഓറഞ്ചും നിറത്തിലുള്ള ടീഷർട്ടും തൊപ്പിയും ധരിച്ച്  സദാ സേവനസന്നദ്ധമായിരിക്കുന്ന എൻഡിആർഎഫ് സംഘം പുൽമേട് വഴി വരുമ്പോൾ അപകടത്തിൽപ്പെട്ട തീർത്ഥാടകനെ
4.5 കിലോമീറ്റർ സ്ട്രച്ചറിൽ എടുത്തു ആശുപത്രിയിൽ എത്തിച്ചിട്ടുണ്ട്.

ആവശ്യം വന്നാൽ കൺട്രോൾ റൂമിൽ നിന്നാണ് എൻഡിആർഎഫിന് വിളി വരിക. ഉടൻ സംഭവസ്ഥലത്ത് കുതിച്ചെത്തും. നാലു സ്ട്രച്ചറുകളാണ് സംഘത്തിന്റെ പക്കലുള്ളത്.

അപസ്മാരം, നെഞ്ചുവേദന, കുറഞ്ഞ രക്തസമ്മർദം, പരിക്കുകൾ എന്നീ കേസുകളാണ് തങ്ങളുടെ മുന്നിൽ കൂടുതലായും വരുന്നതെന്ന് ഇൻസ്പെക്ടർ ജി ഗോപിനാഥ് പറഞ്ഞു. ഇത്തവണ കൂടുതൽ സൗകര്യങ്ങൾ ശബരിമലയിൽ ലഭ്യമാണെന്ന് സംഘത്തിലെ മലയാളി എഎസ്ഐ അനീഷ് എസ് പറഞ്ഞു. "കുടിവെള്ളം ലഭിക്കുന്ന കൂടുതൽ പോയിന്റുകൾ,മികച്ച റോഡ്, വിശ്രമിക്കാൻ നിരവധി ബെഞ്ചുകൾ എന്നിവ ഇത്തവണ ലഭ്യമാണ്. തീർത്ഥാടകർ വർധിച്ചിട്ടും സുഗമ ദർശനം സാധ്യമാക്കാൻ കഴിയുന്നതാണ് ഏറ്റവും വലിയ നേട്ടം," തിരുവനന്തപുരം സ്വദേശിയായ അനീഷ് കൂട്ടിച്ചേർത്തു.

## ഭക്തജനസാഗരമായി ശബരിമല

മണ്ഡലം മകരവിളക്ക് മഹോത്സവം ആരംഭിച്ചതിനുശേഷം ഏറ്റവും കൂടുതൽ ഭക്തജനങ്ങൾ ശബരിമല തീർത്ഥാടനത്തിന് എത്തിയത്. ധനുമാസം ഒന്നാം തീയതിയായ തിങ്കളാഴ്ചയാണ്. 87967തീർത്ഥാടകരാണ് പതിനെട്ടാം പടി കയറി ശബരീശനെ ദർശിച്ചത്. സ്പോട്ട് ബുക്കിങ്ങിലൂടെ 19110 തീർത്ഥാടകർ ദർശനത്തിന് എത്തി. ചൊവ്വാഴ്ചയും ഭക്തജന തിരക്ക് വർദ്ധിക്കുകയാണ്. നിർമ്മാല്യ ദർശനത്തിനായി രാത്രിയിൽ തന്നെ പമ്പയിൽ നിന്നും തീർത്ഥാടകർ മല കയറി സന്നിധാനത്ത് എത്തി. നെയ്യഭിഷേകത്തിനും തിരക്ക് അനുഭവപ്പെട്ടു. ദർശനത്തിനെത്തിയ എല്ലാ ഭക്തർക്കും സുഖ ദർശനം സാധ്യമാക്കുന്നതിന് വിവിധ വകുപ്പുകളും ദേവസ്വം ബോർഡും ഏകോപിച്ച് പ്രവർത്തനങ്ങൾ നടത്തിയതിനാൽ പരാതിരഹിതമാണ് തീർത്ഥാടനം.

നടപ്പന്തലിൽ വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും കുട്ടികൾക്കും സ്ത്രീകൾക്കും പ്രത്യേക വരിയിലൂടെ പതിനെട്ടാം പടി കയറി ദർശനത്തിന് എത്താം. തിരക്ക് വർദ്ധിക്കുന്ന സാഹചര്യത്തിൽ സുരക്ഷാക്രമീകരണങ്ങൾ പോലീസ് ശക്തമാക്കിയിട്ടുണ്ട്. വലിയ നടപന്തലിൽ ശരംകുത്തി വരെ ഭക്തരുടെ നിര നീളുമ്പോൾ ക്രമമായാണ് കടത്തിവിടുന്നത്. ക്യൂവിൽ ഭക്തർക്കെല്ലാം ചുക്കുവെള്ളവും ബിസ്ക്കറ്റും ലഭ്യമാക്കുന്നുണ്ട്.